**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3345** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധത്തിന് സാമ്പത്തിക സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 ന്റെ പ്രതിരോധം, വ്യാപനം തടയൽ എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനങ്ങൾക്ക് സർക്കാറിൽ നിന്ന് പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഇല്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത് /പ്ലാൻ ഫണ്ടിൽ നിന്നും ചെലവാകുന്ന തുകയിൽ നിന്നും അനുവദനീയമായ തുക ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചു നൽകുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് ഗ്രാമപഞ്ചായത്തുകൾക്ക് ആകെ 67,69,90,621 രൂപയും നഗരസഭകൾക്ക് 23,66,73,899 രൂപയും അനുവദിച്ചിട്ടുണ്ട് . |
| (ബി) | ഫസ്റ്റ് ലെവൽ ചികിത്സാകേന്ദ്രം, ക്വാറന്റൈൻ കേന്ദ്രം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ പഞ്ചായത്തുകൾ വഹിക്കുന്നത് കാരണം പദ്ധതിപ്രവർത്തനങ്ങൾക്ക് വേണ്ടത്ര പണം കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; | (ബി) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളുടെ തനത്/ പ്ലാൻ ഫണ്ടിൽ നിന്നും ചെലവാകുന്ന തുകയിൽ അനുവദനീയമായ തുക ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും അനുവദിച്ചു നൽകുന്നുണ്ട് . |
| (സി) | എങ്കിൽ കോവിഡ് 19 ന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കുമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ